milma
Malabar Regional Co-operative Milk Producers' Union Ltd.
Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No: MRU: P&I: 322(A/B/C): 2023-24 /413 29.09.2023

**സർക്കുലർ 949/2023**

**വിഷയം:** **മിൽമ, മലബാർ മേഖലാ യൂണിയൻ ചോളപ്പുല്ലും, ബാഗിൽ നിറച്ച ചോളം സൈലേജും, ബെയിൽഡ് ചോളം സൈലേജും വിതരണം ചെയ്യുന്നത് സംബന്ധിച്ച്.**

സൂചന : 29.09.2023–ാം തീയ്യതിയിലെ മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ അജണ്ട നമ്പർ 57/P&I/9 യോഗ തീരുമാനം.

ക്ഷീര കർഷകരുടെ പാലുൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും തീറ്റവസ്തുക്കളുടെ ക്ഷാമം പരിഹരിക്കുന്നതിനും വേണ്ടി മലബാർ മേഖലാ യൂണിയൻ ഏറ്റവും ഗുണനിലവാരമുള്ളതും പോഷകസമ്പുഷ്ടവുമായ കായ്ഫലത്തോടു കൂടിയ ചോളപ്പുല്ല്, പ്ലാസ്റ്റിക് ബാഗുകളിൽ നിറച്ച ചോളം സൈലേജ്, ബെയിൽഡ് ചോളം സൈലേജ് തുടങ്ങിയവ വിതരണം ചെയ്തു വരികയാണ്. ഓരോ ആറ് മാസത്തിലും ക്ഷണിക്കുന്ന ഇ-ടെണ്ടർ വഴിയാണ് ചോളപ്പുല്ലും, ചോളം സൈലേജും വിതരണം നടത്തുന്നതിനുള്ള വിതരണക്കാരെ കണ്ടെത്തുന്നത്.

2023 ഒക്ടോബർ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആറ് മാസകാലത്തേക്ക് വിതരണം ചെയ്യുന്ന ചോളപ്പുല്ലിന്റേയും പ്ലാസ്റ്റിക് ബാഗുകളിൽ നിറച്ച ചോളം സൈലേജിന്റേയും ബെയിൽഡ് ചോളം സൈലേജിന്റെയും വിലയും വിതരണക്കാരുടെ പേരുമാണ് താഴെ കൊടുത്തിരിക്കുന്നത്.

**1) കായ്ഫലത്തോടു കൂടിയ ചോളപ്പുല്ല് വിതരണം.**

| ക്രം.ന. | പി&ഐ യൂണിറ്റ് | യഥാർത്ഥ വില (Rs/kg) |
|---|---|---|
| 1 | പാലക്കാട് | 3.87 |
| 2 | അട്ടപ്പാടി | 4.19 |
| 3 | പട്ടാമ്പി | 4.88 |
| 4 | മലപ്പുറം | 4.87 |
| 5 | മൂർക്കനാട് | 4.82 |
| 6 | കോഴിക്കോട് | 4.72 |
| 7 | വടകര | 5.00 |
| 8 | വയനാട് | 4.19 |
| 9 | കണ്ണൂർ | 5.09 |
| 10 | കാസറഗോഡ് | 5.29 |

2023 ഒക്ടോബർ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആറു മാസക്കാലത്തേക്കാണ് മേൽപ്പറഞ്ഞ നിരക്കുകളിൽ ചോളപ്പുല്ല് വിതരണം നടത്തുക. പ്രസ്തുത കാലയളവിൽ പാലക്കാട്, പട്ടാമ്പി, വടകര, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ പി&ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീരസംഘങ്ങളിൽ ചോളപ്പുല്ല് വിതരണം നടത്തുന്നതിനായി ശ്രീ. ഷമീർ പി.ടി എന്ന വിതരണക്കാരനെയും, അട്ടപ്പാടി, മലപ്പുറം, മൂർക്കനാട്, കോഴിക്കോട് എന്നീ പി&ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീരസംഘങ്ങളിൽ ചോളപ്പുല്ല് വിതരണം നടത്തുന്നതിനായി ശ്രീ. അബ്ദുൽ റഷീദ്.എം എന്ന വിതരണക്കാരനെയുമാണ് അംഗീകൃത വിതരണക്കാരായി തെരഞ്ഞെടുത്തിരിക്കുന്നത്.

2) പ്ലാസ്റ്റിക് ബാഗുകളിൽ നിറച്ച ചോളം സൈലേജ് വിതരണം

| ക്ര.ന. | പി&ഐ യൂണിറ്റ് | യഥാർത്ഥ വില (Rs/kg) |
|---|---|---|
| 1 | പാലക്കാട് | 7.48 |
| 2 | അട്ടപ്പാടി | 7.64 |
| 3 | പട്ടാമ്പി | 7.64 |
| 4 | മലപ്പുറം | 7.70 |
| 5 | മൂർക്കനാട് | 7.73 |
| 6 | കോഴിക്കോട് | 7.73 |
| 7 | വടകര | 7.85 |
| 8 | വയനാട് | 7.50 |
| 9 | കണ്ണൂർ | 7.95 |
| 10 | കാസറഗോഡ് | 8.10 |

2023 ഒക്ടോബർ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആറു മാസക്കാലത്തേക്കാണ് മേൽപ്പറഞ്ഞ നിരക്കുകളിൽ ബാഗ് സൈലേജ് വിതരണം നടത്തുക. മേൽപ്പറഞ്ഞ കാലയളവിൽ പാലക്കാട്, മലപ്പുറം എന്നീ പി ആന്റ് ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബാഗ് സൈലേജ് വിതരണം ചെയ്യുന്നതിനായി റാൽഫ്റോസ് കാറ്റിൽ ഫീഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വിതരണക്കാരനെയും അട്ടപ്പാടി, പട്ടാമ്പി, മൂർക്കനാട്, കോഴിക്കോട്, വയനാട്, കണ്ണൂർ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബാഗ് സൈലേജ് വിതരണം ചെയ്യുന്നതിനായി അബ്ദുൽ ബഷീർ.എം.പി എന്ന വിതരണക്കാരനെയും വടകര, കാസറഗോഡ് യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബാഗ് സൈലേജ് വിതരണം ചെയ്യുന്നതിനായി സിഫക്കോ പ്രൈവറ്റ് ലിമിറ്റഡ്. എന്ന വിതരണക്കാരനെയുമാണ് അംഗീകൃത വിതരണക്കാരായി തെരഞ്ഞെടുത്തിരിക്കുന്നത്.

3) ബെയിൽഡ് ചോളം സൈലേജ് വിതരണം

| ക്രം. നം. | പി&ഐ യൂണിറ്റ് | യഥാർത്ഥ വില (Rs/kg) |
|---|---|---|
| 1 | പാലക്കാട് | 7.28 |
| 2 | അട്ടപ്പാടി | 7.40 |
| 3 | പട്ടാമ്പി | 7.54 |
| 4 | മലപ്പുറം | 7.73 |
| 5 | മൂർക്കനാട് | 7.70 |
| 6 | കോഴിക്കോട് | 7.73 |
| 7 | വടകര | 7.79 |
| 8 | വയനാട് | 7.69 |
| 9 | കണ്ണൂർ | 7.89 |
| 10 | കാസറഗോഡ് | 8.07 |

2023 ഒക്ടോബർ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആറു മാസക്കാലത്തേക്കാണ് മേൽപ്പറഞ്ഞ നിരക്കുകളിൽ ബെയിൽഡ് സൈലേജ് വിതരണം നടത്തുക. മേൽപ്പറഞ്ഞ കാലയളവിൽ പാലക്കാട്, അട്ടപ്പാടി, വടകര, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ പി ആന്റ് ഐ യൂണിറ്റുകൾക്ക് കീഴിൽ ബെയിൽഡ് സൈലേജ് വിതരണത്തിനായി കോർണക്സ്റ്റ് അഗ്രി പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വിതരണക്കാരനെയും പാലക്കാട്, അട്ടപ്പാടി, പട്ടാമ്പി, മലപ്പുറം, മൂർക്കനാട്, കോഴിക്കോട് എന്നീ പി&ഐ യൂണിറ്റുകൾക്ക് കീഴിൽ ബെയിൽഡ് സൈലേജ് വിതരണം ചെയ്യുന്നതിനായി അബ്ദുൽ ബഷീർ.എം.പി എന്ന വിതരണക്കാരനെയുമാണ് അംഗീകൃത ബെയിൽഡ് സൈലേജ് വിതരണക്കാരായി തെരഞ്ഞെടുത്തിരിക്കുന്നത്.

മാനേജിംഗ് ഡയറക്ടർ

പകർപ്പ് : മാനേജർ (ഫിനാൻസ്)

: എല്ലാ ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ/പി&ഐ സബ് യൂണിറ്റ് മേധാവികൾക്കും

: എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

REGIONAL CO-OPERATIVE MILK PRODUCERS' UNION No. D 89 (D) H.O. Calicut